## തെരുവുനായ പ്രശ്നം സംബന്ധിച്ച സുപ്രീം കോടതി വിധി നടപ്പിലാക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 03/05/2017 ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ടി.കെ. ജോസ്, നിയമവകുപ്പ് സെക്രട്ടറി ശ്രീ. ബി.ജി. ഹരീന്ദ്രനാഥ്, ധനകാര്യ വകുപ്പ് സെക്രട്ടറി ശ്രീ. മിൻഹാജ് ആലം തുടങ്ങിയവർ പങ്കെടുത്തു. യോഗത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.

യോഗം ഉച്ചക്ക് 12.45 ന് ആരംഭിച്ചു. തെരുവുനായ ആക്രമണം മൂലമുണ്ടായിട്ടുള്ള ദുരിതങ്ങളും തെരുവുനായ നിയന്ത്രണത്തിനായി സർക്കാർ സ്വീകരിച്ച കർമ്മ പദ്ധതികളും ഈ വിഷയത്തിൽ ബഹു. സുപ്രീം കോടതിയിൽ നിലവിലുള്ള SLP 691/2009 നമ്പർ കേസിലെ 03/03/2017 ലെ ഇടക്കാല വിധി സംബന്ധിച്ചും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൽസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. തെരുവുനായ പ്രശ്നം പരിഹരിക്കുന്നതിന് കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്ന പരിപാടികളെക്കുറിച്ച് കുടുംബശ്രീ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ. എസ്. സലിം ഒരു ലഘു ദൃശ്യാവതരണം നടത്തി. തുടർന്ന് നടന്ന ചർച്ചകളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ ചുവടെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചു.

- തെരുവു നായ വിഷയം സംബന്ധിച്ച് ബഹു. സുപ്രീം കോടതി നിയോഗിച്ചിട്ടുള്ള ജസ്റ്റീസ് സിരിജഗൻ കമ്മിറ്റിയുടെ മൂന്നാമത്തെ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ള നഷ്ടപരിഹാരം അവകാശികൾക്ക് അനുവദിച്ചുകൊണ്ട് SLP 691/2009 നമ്പർ കേസിൽ ബഹു. സുപ്രീംകോടതി 03/03/2017 ൽ ഉത്തരവായ സാഹചര്യത്തിൽ പ്രസ്തുത നഷ്ടപരിഹാരത്തുക അനുബന്ധം രണ്ടായി പേർ ചേർത്തിട്ടുള്ളവർക്ക് 31/05/2017 ന് മുമ്പായി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ, തനത് ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിലെ സർവ്വീസ് സെക്ടറിൽ നിന്നോ നൽകി പ്രസ്തുത വിവരം സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

  (നടപടി ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിമാർ)

- വളർത്തുനായ്ക്കളാണ് പിന്നീട് തെരുവുനായ്ക്കളായി മാറുന്നത് എന്ന കാരണത്താൽ വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുന്ന കാര്യം കർശനമായി പാലിക്കുകയും വളർത്തുനായ്ക്കളെ തെരുവിൽ ഉപേക്ഷിക്കുന്ന നടപടിക്കെതിരെ ശക്തമായ ബോധവൽക്കരണം നടത്തുകയും വേണമെന്ന് ബഹു. ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

  (നടപടി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും)

- ABC പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുന്നതിന് വെറ്റിനറി ഡോക്ടർമാരുടെ സേവനം മൃഗസംരക്ഷണവകുപ്പ് ശരിയായി വിനിയോഗിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ ആഴ്ചയിൽ ചുരുങ്ങിയത് ഒരു ദിവസമെങ്കിലും ABC പ്രോഗ്രാം നടപ്പിലാക്കുന്നതിനായി

വെറ്ററിനറി ഡോക്ടർമാരുടെ സേവനം എല്ലാ ബ്ലോക്ക്, മുനിസിപ്പൽ, കോർപ്പറേഷൻ തലങ്ങളിലും വിനിയോഗിക്കേണ്ടതാണ്.

(നടപടി മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ)

- മതിയായ വെറ്ററിനറി ഡോക്ടർമാരെ ലഭ്യമല്ലെങ്കിൽ സർവ്വീസിൽ നിന്നും വിരമിച്ചവരെയും ഇന്റേൺഷിപ്പിൽ ആയിരിക്കുന്ന വിദ്യാർത്ഥികളെയും ABC പ്രോഗ്രാം നിർവ്വഹിക്കുന്നതിനുള്ള നിലവിലുള്ള ഡോക്ടർമാരെ സഹായിക്കുന്നതിനായി നിയോഗിക്കേണ്ടതാണ്.

(നടപടി മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ)

- ഒരു ബ്ലോക്കിൽ ചുരുങ്ങിയത് ഒരു സ്ഥലത്തെങ്കിലും ABC പ്രോഗ്രാം നടപ്പിലാക്കുന്നതിന് സൗകര്യം ഒരുക്കേണ്ടതാണ്.

(നടപടി മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ)

- ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22/08/2016 ൽ ചേർന്ന യോഗത്തിൽ 'ഡോഗ് സൂ' സ്ഥാപിക്കുന്നതിന് കൃഷി ഫാമുകളിൽ രണ്ടു മുതൽ മൂന്ന് ഏക്കർവരെ സ്ഥലം വേലികെട്ടി ലഭ്യമാക്കണമെന്ന് തീരുമാനിച്ചിരുന്നുവെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ എല്ലാ ജില്ലകളിലും കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ അപ്രകാരം 'ഡോഗ് സൂ' സ്ഥാപിക്കുന്നതിനുള്ള നടപടി 14 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

(നടപടി കൃഷിവകുപ്പ് ഡയറക്ടർ)

- ABC പ്രോഗ്രാം നടപ്പിലാക്കുന്ന മൃഗാശുപത്രിയോടനുബന്ധിച്ച് ശസ്ത്രക്രിയാനന്തര ശുശ്രൂഷ ലഭ്യമാക്കുന്നതിനുള്ള ഷെഡ് നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്താവുന്നതാണ്.

(നടപടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ)

- 2017 സെപ്റ്റംബർ 30 ന് മുമ്പായി ഒരു ലക്ഷം തെരുവുനായ്ക്കളെ ABC പ്രോഗ്രാമിന് വിധേയമാക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

(നടപടി മൃഗസംരക്ഷണവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ മിഷൻ)

- ABC പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ പഞ്ചായത്തുകൾക്ക് തുക കൈമാറുന്നതിന് പകരം അതാത് തദ്ദേശ സ്ഥാപനങ്ങൾക്ക് തന്നെ ടി തുക വിനിയോഗിച്ച് കുടുംബശ്രീ പോലുള്ള ഏജൻസികൾ മുഖാന്തിരം ABC പദ്ധതി നടപ്പിലാക്കാവുന്നതാണ്.

(നടപടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ)

2 p.m.ന് യോഗം അവസാനിച്ചു.

## യോഗത്തിൽ പങ്കെടുത്തവർ

1. ശ്രീമതി. ഹരിത വി. കുമാർ - ഡയറക്ടർ, നഗര കാര്യ വകുപ്പ്
2. ഡോ. സരിത ആർ. എൽ - ഡയറക്ടർ, ആരോഗ്യവകുപ്പ്
3. ഡോ. എൻ.എൻ. ശശി -ഡയറക്ടർ, മൃഗസംരക്ഷണവകുപ്പ്
4. ശ്രീമതി. എൻ.കെ. ജയ - ഡയറക്ടർ, (എ&ഓഫ്) &ഇ.ഡി (ic) കുടുബശ്രീ.
5. ശ്രീ. എൻ. വിശ്രുതൻ ആചാരി - ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
6. ശ്രീ. അജിത്കുമാർ എം.പി. - അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത്
7. ഡോ. ഉമ്മുസെൽമ - ജോ.ഡയറക്ടർ, (ആരോഗ്യം) നഗരകാര്യ വകുപ്പ്
8. ശ്രീമതി. സിനി എൻ.സി - ജോ. ഡയറക്ടർ, കൃഷിവകുപ്പ്
9. ഡോ. എസ്. സലിം - ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, കുടുംബശ്രീ
10. ശ്രീമതി. ബേബിഗിരിജ ബി - ഡെപ്യൂട്ടി ഡയറക്ടർ, കൃഷി വകുപ്പ്
11. ശ്രീമതി. ദീപ എൽ, എസ്.-അഡീഷണൽ സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ.
12. ശ്രീ. വി.ആർ. രാജു - സെക്രട്ടറി. കൊല്ലം കോർപ്പറേഷൻ
13. ശ്രീ. നിസാം എ. എസ് - സെക്രട്ടറി, പുനലൂർ മുനിസിപ്പാലിറ്റി
14. ശ്രീ. വിദ്യാധരൻ നായർ - സെക്രട്ടറി, മുദാക്കൽ ഗ്രാമപഞ്ചായത്ത്
15. ശ്രീ. സുഗതൻ - കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്
16. ശ്രീ. സൈമൺ ജോർജ്ജ് - സെക്രട്ടറി, കരവാളൂർ ഗ്രാമപഞ്ചായത്ത്
17. ശ്രീ. എ. ഷാനവാസ് - സെക്രട്ടറി, ശൂരനാട് പഞ്ചായത്ത്
18. ശ്രീ. കെ. വി. ജോണി - സെക്രട്ടറി, കൊരട്ടി ഗ്രാമപഞ്ചായത്ത്
19. ശ്രീ. സുബാഷ് എസ്. - സെക്രട്ടറി, അഴൂർ ഗ്രാമപഞ്ചായത്ത്
20. ശ്രീ. ഇ. ഖാദർസാബു - സെക്രട്ടറി, നഗരൂർ ഗ്രാമപഞ്ചായത്ത്
21. ശ്രീമതി. ശ്രീദേവി - സെക്രട്ടറി, മാള ഗ്രാമപഞ്ചായത്ത്
22. ശ്രീമതി. സുശീലാമ്മ റ്റി.എസ് - സെക്രട്ടറി, ചവറ ഗ്രാമപഞ്ചായത്ത്
23. ശ്രീ. എം. മുരളീധരൻ - സെക്രട്ടറി, കുളക്കട ഗ്രാമപഞ്ചായത്ത്
24. ശ്രീമതി. ഒ. മീനാകുമാരി അമ്മ - സെക്രട്ടറി, പൂതക്കുളം ഗ്രാമപഞ്ചായത്ത്
25. ശ്രീ. ആർ. സുബ്രഹ്മണ്യം -അസിസ്റ്റന്റ് സെക്രട്ടറി, മുളങ്കുന്നത്തുകാവ് പഞ്ചായത്ത്
26. ഡോ. എ. ശശികുമാർ - ഹെൽത്ത് ഓഫീസർ, തിരുവനന്തപുരം
27. ശ്രീ. ജോയിശ്രീ സുദർശൻ - ഹെൽത്ത് ഇൻസ്പെക്ടർ, ഗുരുവായൂർ മുനിസിപ്പാലിറ്റി